**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1951** | **29-09-2025 - ൽ മറുപടിയ്ക്ക്**

**ഫോൺനമ്പർ മോട്ടോർവകുപ്പിന്റെ പോർട്ടലിൽ ചേർക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആർ.സി. ലൈസൻസ് എന്നിവയുമായി ബന്ധിപ്പിച്ച മൊബൈൽ ഫോൺനമ്പർ മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ പരിവാഹൻ പോർട്ടലിൽ ചേർക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | **രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്**<br><br>പരിവാഹൻ പോർട്ടൽ 2-ലെ സേവനങ്ങൾ ഉപയോഗപ്പെടുത്തി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മൊബൈൽ നമ്പറും ലിങ്ക് ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെയും ആധാറിലെയും വിവരങ്ങൾ കൃത്യമായി പൊരുത്തപ്പെടുന്നുണ്ടെങ്കിൽ വാഹൻ സിറ്റിസൺ സർവീസിലെ Update Mobile Number (Using Aadhaar, RTO Visit not required) എന്ന സേവനം തെരഞ്ഞെടുത്ത് അപേക്ഷ പൂർത്തിയാക്കിയാൽ തത്സമയം മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്ത് ലഭിക്കുന്നതാണ്.<br><br>രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെയും ആധാറിലെയും വിവരങ്ങൾപൊരുത്തപ്പെടാത്ത പക്ഷം Update Mobile Number (Verification and Approval done at RTO) എന്ന ലിങ്ക് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും മതിയായ രേഖകൾ (e-Aadhaar, Data Mismatch Sheet) അപ്ലോഡ് ചെയ്തതിനു ശേഷം ആയതിന്റെ ഹാർഡ് കോപ്പി ആർ.ടി. ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷ ആർ.ടി.ഓഫീസിൽ Verify-Approve ചെയ്താൽ മൊബൈൽ നമ്പർ അപ്ഡേഷൻ സാധ്യമാകുന്നതാണ്.<br><br>**ഡ്രൈവിംഗ് ലൈസൻസ്**<br><br>ഡ്രൈവിംഗ് ലൈസൻസിൽ മൊബൈൽ നമ്പർ ചേർക്കുന്നതിന് sarathi.parivahan.gov.in എന്ന വെബ്സൈറ്റിലെ Update Mobile Number എന്ന സേവനം തെരഞ്ഞെടുത്ത് ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ നൽകണം. തുടർന്ന് പുതിയ OTP ലഭ്യമാകുകയും സേവനം പൂർത്തിയാകുമ്പോൾ മൊബൈൽ നമ്പർ അപ്ഡേറ്റ് ആകുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ ഫോൺനമ്പർ പ്രസ്തുത പോർട്ടലിൽ ചേർക്കുന്നതിന് സേവനം ലഭിക്കുന്ന കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും ഇപ്രകാരം മൊബൈൽ ഫോൺനമ്പർ ചേർക്കുമ്പോൾ വാഹനയുടമക്ക് ലഭിക്കുന്ന പ്രധാന സേവനങ്ങൾ/പ്രയോജനങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ; | (ബി) | അക്ഷയ കേന്ദ്രങ്ങൾ, CSC (Common Service Centers) എന്നിവ മുഖേനയും വാഹൻ സിറ്റിസൺ പോർട്ടലിലൂടെ അപേക്ഷകന് സ്വന്തമായും സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. പോർട്ടലിൽ മൊബൈൽ നമ്പർ ലിങ്ക് ചെയ്താൽ മോട്ടോർ വാഹന വകുപ്പിന്റെ, വാഹനവുമായി ബന്ധപ്പെട്ട, എല്ലാ അറിയിപ്പുകളും SMS മുഖാന്തിരം വാഹന ഉടമയ്ക്ക് ലഭിക്കുന്നതാണ്. |
| (സി) | മോട്ടോർവാഹന വകുപ്പിന്റെ പോർട്ടലിൽ മൊബൈൽ നമ്പർ ചേർക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം സുരക്ഷാക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ഒരു വ്യക്തിയുടെ ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പറാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിമായും ഡ്രൈവിംഗ് ലൈസൻസുമായും ബന്ധിപ്പിക്കുന്നത് .മോട്ടോർ വാഹന വകുപ്പിൻറെ ഏതൊരു സേവനവും, ഇത്തരത്തിൽ ബന്ധിപ്പിച്ച മൊബൈൽ നമ്പറിൽ ലഭിക്കുന്ന OTP സംവിധാനത്തിലൂടെയാണ് പൂർത്തിയാക്കുന്നത്. അതിനാൽ പ്രസ്തുത മൊബൈൽ നമ്പർ ഉപയോഗിക്കുന്ന വ്യക്തിയുടെ അറിവോടെ മാത്രമേ ഒരു സേവനം പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ